the procedure of sending the files from the section all the way to the Board and back results in undue delay to the applicant and several Trips to Thiruvananthapuram involving heavy expenditure. Even the self-Employment Schemes and small Scale Industries have been badly affected as a result of this procedure.

So, Sir, I strongly plead that special attention be given for all the developmental works and for the electrification of that backward area, so that the people of that area may not feel that they are being neglected but all steps are being taken to improve their lot.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കാസർകോടിന്റെ പിന്നോക്കാവസ്ഥ പരിഗണിച്ചാണ് ഒരു ജില്ല തന്നെ രൂപീകരിക്കാൻ തീരുമാനിച്ചത്. KADA ഉണ്ടാക്കിയിരുന്നത്, ഒരു പിന്നോക്ക പ്രദേശത്തിന്റെ വികസനത്തിനുവേണ്ടിയാണ് കാസർകോട് ഏരിയാ ഡെവലപ്പ്മെന്റ് അതോറിറ്റി രൂപീകരിച്ചിരുന്നത്. പക്ഷെ ജില്ല വന്നതോടുകൂടി KADA-യുടെ ആവശ്യമില്ലാതായി എന്നുള്ളതുകൊണ്ട് അതു നിർത്തൽ ചെയ്തു. അലോക്കേഷനെ സംബന്ധിച്ചാണെങ്കിൽ ഒരു പിന്നോക്കപ്രദേശമെന്ന നിലയിൽ വളരെയധികം പരിഗണന കൊടുത്തിട്ടുണ്ടെന്നു കണക്കുകൾ സമാധാനം പറയും. നമ്മുടെ ബഡ്ജറ്റിൽ വികസനത്തിനായി നീക്കിവച്ചിട്ടുള്ള തുകയിൽ1985-1986-ൽ ആദ്യം 3.21 കോടി രൂപയായിരുന്നെങ്കിൽ അതു പിന്നീട് റിവൈസ് ചെയ്തു 5.81 കോടിയായിട്ട് വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ വർഷത്തിൽ ഏതാണ്ട് 2 കോടിയിൽപ്പരം രൂപ ഈയൊരിനത്തിൽ മാത്രം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനുപുറമേ പിന്നോക്ക പ്രദേശങ്ങളുടെ വികസനത്തിനായി നീക്കിവച്ച സംഖ്യയിൽ പകുതിയും കാസർകോടിനാണ് ചെലവു ചെയ്തത്. ആർ. എൽ. ഇ. ജി. പി. യുടെ കാര്യത്തിലാണെങ്കിൽ, ഏതാണ്ട് നാല് ശതമാനത്തോളം അതായത് 70 ലക്ഷം രൂപ കാസർകോടിന് മാത്രമായി ചെലവു ചെയ്തു. ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ കിട്ടേണ്ടതിനെക്കാൾ കൂടുതൽ സംഖ്യ ഇപ്പോൾ ചെലവു ചെയ്തിട്ടുണ്ട്. സ്കൂൾ, ഡിസ്പെൻസറി, ഹോസ്പിറ്റൽ എന്നിവയുടെ കാര്യത്തിലൊക്കെ ജനസംഖ്യാനുപാതികമായി കിട്ടേണ്ടതിനെക്കാൾ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. എങ്കിൽപ്പോലും കാസർകോടിന്റെ പിന്നോക്കാവസ്ഥയെപ്പറ്റി എല്ലാപേർക്കും അറിയാവുന്നതാണ്. ആ നിലയ്ക്ക് കൂടുതൽ കാര്യങ്ങൾ കാസർകോടിനുവേണ്ടി നീക്കിവയ്ക്കാൻ എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇനി അലോട്ടുമെന്റ് വരുന്ന സമയത്തു പോരായ്മകൾ നികത്താൻകൂടിയുള്ള സംഖ്യ നിർദ്ദേശിക്കണമെന്ന് എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്. കാസർകോടിന്റെ കാര്യത്തിൽ ഗവൺമെന്റിന് വളരെ താൽപ്പര്യമുണ്ട്. അതിന് പ്രത്യേകമായ പരിഗണനയുണ്ട്.

8. പെൻഷൻകാർക്കുള്ള ആനുകൂല്യം

ശ്രീ. കെ. പി. പ്രഭാകരൻ : സർ, 4-ാം ശമ്പളകമ്മീഷൻ റിപ്പോർട്ട് കിട്ടി രണ്ടു വർഷം കഴിഞ്ഞിട്ടും ഈ സംസ്ഥാനത്തെ ഒരു ലക്ഷത്തോളം വരുന്ന പെൻഷൻകാരോട് ഗവൺമെന്റ് നീതി പാലിച്ചിട്ടില്ലെന്നുള്ള ശക്തിയായ ആക്ഷേപം ഇപ്പോഴും നിലനിൽക്കുകയാണ്. അവർ കളക്ടറേറ്റ് പടിക്കലും സെക്രട്ടേറിയറ്റ് നടയിലും വെയിലും മഴയും കൊണ്ട് ഇന്നും ധർണ്ണ നടത്താനിടയാക്കുന്നത് തീർച്ചയായും ഈ ഗവൺമെന്റിനു ഭൂഷണമല്ല.

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ സർവ്വീസിലുള്ളവരോടെന്നപോലെ പെൻഷൻ പറ്റിയവർക്കും ന്യായമായ പരിഹാരമുണ്ടെന്നുള്ള വസ്തുത 4-ാം ശമ്പള കമ്മീഷന്റെ ടേംസ് ഓഫ് റെഫറൻസിൽ അവരെ ഉൾപ്പെടുത്തിയപ്പോൾ ഗവൺമെന്റിനു ബോദ്ധ്യപ്പെട്ടിരുന്നതാണ്. ആ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്ന ഘട്ടം വന്നപ്പോൾ പെൻഷൻകാരെ അവഗണിക്കുകയാണ്. സർവ്വീസിലുള്ളവരേയും പെൻഷൻകാരേയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്രമായ റിപ്പോർട്ടാണ് ശമ്പള കമ്മീഷൻ സമർപ്പിച്ചത്. പക്ഷെ വൈകിയിട്ടാണെങ്കിലും, കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തപ്പോൾ പെൻഷൻകാരെ സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിൽ തീരുമാനമെടുക്കാതെ മാറ്റിവയ്ക്കുകയാണ് ചെയ്തത്. അതു സംബന്ധിച്ച തീരുമാനം പിന്നീട് പ്രഖ്യാപിക്കാമെന്നു ഗവൺമെന്റ് പറഞ്ഞെങ്കിലും ഇതുവരെ അതു പൂർണ്ണമായി പാലിച്ചിട്ടില്ലെന്നുള്ളതാണ് ഖേദകരമാണ്. പെൻഷൻകാരെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ചും താഴ്ന്ന ഗ്രേയിഡിലുള്ളവരെ ബാധിക്കുന്ന നിർദ്ദേശങ്ങളാണ് ഇനിയും തീരുമാനമെടുക്കാതെ മാറ്റിവച്ചിട്ടുള്ളത്. ഉദാഹരണത്തിന് മിനിമം പെൻഷൻകാർക്ക് മൊത്തം വരുമാനത്തിൽ നൽകേണ്ട വർദ്ധന, കുടുംബ പെൻഷൻകാർക്കുള്ള വർദ്ധന, സർവ്വീസിലുള്ളവരുടെ തോതിൽ ക്ഷാമബത്ത അനുവദിക്കൽ, കമ്മ്യൂട്ട് ചെയ്തു 12 വർഷം കഴിഞ്ഞാൽ മുഴുവൻ പെൻഷനും അനുവദിക്കൽ, സ്കൂൾ-കോളേജ് അദ്ധ്യാപക പെൻഷൻകാർ 60 വയസിലാണ് പിരിയുന്നതെങ്കിൽ പെൻഷൻ തുക നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ചുള്ള ശുപാർശകളിൻമേലാണ് ഇനിയും തീരുമാനമെടുക്കാത്തത്. ഇത് ഏറ്റവും കൂടുതലായി താഴ്ന്ന വരുമാനക്കാരേയും തുച്ഛമായ പെൻഷൻ വാങ്ങി വളരെയേറെ ക്ലേശിച്ച് ജീവിക്കുന്നവരേയുമാണ് ബാധിക്കുന്നത്. ഇത് ഇനിയും അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകാതെ എത്രയും പെട്ടെന്നു ഇതിൻമേൽ ഒരു തീരുമാനമെടുത്തു നടപ്പാക്കണമെന്നു ഞാൻ ഈ അവസരത്തിൽ മുഖ്യമന്ത്രിയോടു അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, പെൻഷൻകാരുടെ കാര്യത്തിൽ വളരെയധികം താൽപ്പര്യപൂർവ്വം പ്രവർത്തിച്ച ഒരു ഗവൺമെന്റാണിതെന്നു അവരുടെതന്നെ ഒരു സമ്മേളനത്തിൽ പ്രമേയം പാസ്സാക്കി അയച്ചുതന്നിട്ടുണ്ട്. അവരുടെ കാര്യത്തിൽ തീർച്ചയായും പരിഗണന ആവശ്യമാണ്. അവർ ഇന്നു സർവ്വീസിൽ ഇല്ലാത്തതുകൊണ്ട് സമരത്തിൽ കൂടിയോ മറ്റേതെങ്കിലും ഭീഷണികളിൽ കൂടിയോ ഗവൺമെന്റിൽ നിന്നു കാര്യങ്ങളും നേടിയെടുക്കാൻ സാധിക്കാത്തതുകൊണ്ട് അവർക്ക് പ്രത്യേകമായ പരിഗണന കൊടുക്കണമെന്നാണ് ഗവൺമെന്റിന്റെ സമീപനം. ആ നിലയ്ക്ക് പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. അവർക്ക് ഡിയർനസ് അലവൻസും ഫെസ്റ്റിവൽ അലവൻസും കൊടുത്തതിനു പുറമേ പേകമ്മീഷൻ റെക്കമെന്റേഷനും ഭാഗികമായി നടപ്പാക്കിയിട്ടുണ്ട്. 1-7-1983-ന് മുമ്പ് പെൻഷൻകാർക്കൊക്കെ പെൻഷനിൽ 50 ശതമാനം മുതൽ 30 ശതമാനം വരെ അഡ്ഹോക്ക് വർദ്ധനവ് നൽകിയിട്ടുണ്ട്. പെൻഷന്റെ പരിധി 1500 ഉറുപ്പികയെന്നത് 1750 ഉറുപ്പികയായിട്ട് വർദ്ധിപ്പിച്ചിട്ടുണ്ട്. ഡെത്ത് കം ഡിസ്ചാർജ്മെന്റ് ഗ്രാറ്റുവിറ്റി 36,000 രൂപയിൽ നിന്നു 45,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 70 വയസ്സു കഴിഞ്ഞ പെൻഷൻകാർക്ക് 25 രൂപ പ്രതിമാസം മെഡിക്കൽ അലവൻസായി നൽകുന്നുണ്ട്. ഫാമിലിപെൻഷൻ ഓരോ വർഷവും മുൻകൂറായി കൊടുക്കും. ഇതെല്ലാം കഴിഞ്ഞുള്ള കമ്മീഷന്റെ ബാക്കി ശുപാർശകളെ സംബന്ധിച്ചിടത്തോളം അവസാനമായി തീരുമാനമെടുക്കാതിരുന്നത് സെൻട്രൽ പേ കമ്മീഷൻ പെൻഷൻകാർക്ക് ചില

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശങ്ങളൊക്കെ സമർപ്പിച്ചിട്ടുള്ളതായി റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ഏതായാലും അത് അവർക്ക് മെച്ചമാണെങ്കിൽ പെൻഷൻകാർക്ക് മെച്ചപ്പെട്ട കാര്യം ചെയ്യണമെന്ന ആഗ്രഹമുണ്ട്. ആ റിപ്പോർട്ട് കിട്ടിയതിനുശേഷം ഒരു തീരുമാനമെടുക്കാം. അപ്പോഴും പിന്നീട് ഒരാവശ്യവും മുന്നോട്ട് വയ്ക്കേണ്ടിവരില്ല. രണ്ടു സർവ്വീസുകളിലേയും പെൻഷൻകാരുണ്ട്. അതുകൊണ്ട് സെൻട്രൽ പെൻഷനും കൂടിയറിഞ്ഞിട്ട് അവസാന തീരുമാനമെടുക്കാം. അവരുടെ കാര്യത്തിൽ ഈ ഗവൺമെൻറ് വളരെ താൽപ്പര്യപൂർവ്വം പ്രവർത്തിക്കും.

9. കേരളാ യൂണിവേഴ്സിറ്റിയുടെ പ്രീഡിഗ്രി പരീക്ഷാഫലം

ശ്രീ. ഇ. കെ. നായനാർ : സ്പീക്കർ സർ, കഴിഞ്ഞ ഏപ്രിൽ മാസത്തിൽ നടത്തിയ പ്രീഡിഗ്രി പരീക്ഷയുടെ ഫലങ്ങൾ പല ഗഡുക്കളായിട്ടാണ് കേരളസർവ്വകലാശാല പ്രസിദ്ധപ്പെടുത്തിയത്. ജൂലൈ 1-ാം തീയതി ഫലം പ്രഖ്യാപിച്ചതനുസരിച്ച് എഴുപതിനായിരത്തിൽപ്പരം പേർ തോറ്റു. തോറ്റ വിദ്യാർത്ഥികളിൽ പിന്നീട് 5826 പേർ വിജയിച്ചതായും പ്രഖ്യാപിച്ചു. അതിൽ 123 പേർ പിന്നീട് തോറ്റതായിട്ടും വന്നു. അങ്ങനെ പുനഃപരിശോധനയുടെ ഒരാഴ്ചയ്ക്കുമുമ്പ് കണ്ടുപിടിച്ചിട്ടുള്ളത് തോറ്റ വിദ്യാർത്ഥികളിൽ 1082 പേർകൂടി പിന്നീട് ജയിച്ചതായിട്ടാണ്. ഇതു കഴിഞ്ഞ ദിവസം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അങ്ങനെ പതിനയ്യായിരത്തിൽ പരം വിദ്യാർത്ഥികളുടെ റിസൽറ്റിൽ മാറ്റമുണ്ടായതായി റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. എന്താണ് ഇതിൻറെയൊക്കെ അർത്ഥം ? ഇനി എത്രപേർ ജയിക്കാനുണ്ട് എത്രപേർ തോൽക്കും ? എന്താണ് പ്രീഡിഗ്രി പരീക്ഷാഫലങ്ങളെ സംബന്ധിച്ചുള്ള യാഥാർത്ഥ്യമെന്ന് സർവ്വകലാശാലയ്ക്ക് അറിയാമോ ? സർക്കാരിന് അറിയാമോ ? വിദ്യാഭ്യാസമന്ത്രിക്ക് അറിയാമോ ? ദുർവ്വാശി കാണിച്ചു ബദൽസംവിധാനമുണ്ടാക്കി തോന്നിയവരെക്കൊണ്ടൊക്കെ ടാബുലേഷൻ നടത്തുകയും റീവാലുവേഷൻ നടത്തുകയും ചെയ്തതുകൊണ്ടാണ് ഇതൊക്കെ സംഭവിച്ചത്. സിൻഡിക്കേറ്റിനെ സസ്പെൻറ് ചെയ്തുകൊണ്ട് ബദൽസംവിധാനത്തിൻറെ പേരിൽ സർക്കാർ ഖജനാവ് ധൂർത്തടിക്കുകയും ചെയ്തിട്ടും സംഭവിച്ചത് ഇങ്ങനെയാണ്. പ്രീഡിഗ്രി ഫലങ്ങളെക്കുറിച്ചു വിദ്യാഭ്യാസമന്ത്രി സഭയുടെ മുമ്പിലവതരിപ്പിച്ച കണക്കുകൾ അവാസ്തവങ്ങളായിരുന്നു. സത്യവിരുദ്ധങ്ങളായിരുന്നു. പച്ചക്കള്ളങ്ങളായിരുന്നു. അസത്യങ്ങളായിരുന്നു. സഭയേയും ജനങ്ങളേയും ഈ മന്ത്രി തെറ്റിദ്ധരിപ്പിച്ചു. വഞ്ചിച്ചു. പ്രീഡിഗ്രി പരീക്ഷയ്ക്ക് കേരളസർവ്വകലാശാലയിൽ എൺപത്തൊമ്പതിനായിരത്തി തൊള്ളായിരത്തി എഴുപത്തിയൊന്നു പേർ പരീക്ഷയെഴുതി. പത്തൊമ്പതിനായിരത്തി നാനൂറ്റിയിരുപത്തിരണ്ട് പേർ പാസ്സായി. വിജയം 21.6 ശതമാനമെന്നായിരുന്നു ബഹുമാനപ്പെട്ട മന്ത്രി ജൂലൈ 2-ന് ഈ സഭയിൽ പ്രസ്താവിച്ചത്. ഇന്നലെ ഗൗരിയമ്മയുടെ ചോദ്യത്തിന് നൽകിയ മറുപടിയിൽ പറഞ്ഞതെന്താണ് ? 21694 പേർ ജയിച്ചു എന്നാണ് പറഞ്ഞത്. എന്നാൽ ആഗസ്റ്റ് 21-ാം തീയതിയിലെ അൺസ്റ്റാർഡ് കവസ്റ്റ്യനിൽ കേരളസർവകലാശാലയുടെ പ്രീഡിഗ്രി റിസൽറ്റ് ബുക്കിൽ ജയിച്ച വിദ്യാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ കാണിച്ചിട്ടുണ്ട്. ആ നമ്പറുകൾ എണ്ണിനോക്കിയാൽ മന്ത്രിയുടെ കണക്കുകൾ തെറ്റാണെന്നു കാണാം. റിസൽറ്റുബുക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള നമ്പറുകളുടെ എണ്ണത്തിൻറെ അടിസ്ഥാനത്തിൽ പരീക്ഷയിൽ പാസ്സായ കുട്ടികളുടെ എണ്ണം 8491 ആണ്. അതായത് വിജയശതമാനം 9.44. 21 ശതമാനമല്ല. അതാണ് കണക്ക്. കള്ളക്കണക്കാണ് നേരത്തെ പറഞ്ഞത്. റിസൽറ്റ് ബുക്കിൽത്തന്നെ 1107 കുട്ടികളുടെ ഫലം പിന്നീട് പ്രഖ്യാപിക്കുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly